അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്നതിനുള്ള നടപടിക്രമം

297 (986) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കണക്കു പ്രകാരം സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലിചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്നതിന് മുൻപ് തൊഴിലുടമ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകൾക്കെതിരെ എന്തു നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിലുള്ള സ്വയംഭരണ സ്ഥാപനമായ ഗ്രാമത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, തിരുവനന്തപുരം-ന്റെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമപ്രകാരം അഞ്ചോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികളെ ഏതെങ്കിലും കരാർ അടിസ്ഥാനത്തിലോ കരാറുകാരൻ മുഖേനയോ ഒരു സ്ഥാപനത്തിൽ ജോലിക്ക് നിയോഗിക്കുന്നതിന് തൊഴിലുടമ ടി നിയമപ്രകാരമുള്ള രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും തൊഴിൽ വകുപ്പിൽ നിന്നും കരസ്ഥമാക്കേണ്ടതാണ്. ഇത്തരത്തിൽ ലൈസൻസ് ലഭ്യമാക്കുന്നതിലേയ്ക്കായി കോൺട്രാക്ടറുടെ അപേക്ഷയോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച പൂർണ്ണമായ വിവരവും തൊഴിൽ വകുപ്പിലെ ലൈസൻസിംഗ് അതോറിറ്റിക്ക് നൽകേണ്ടതായിട്ടുണ്ട്. ഇതുകൂടാതെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് നേരിട്ട് കേരളത്തിലെത്തി വിവിധ തൊഴിൽ മേഖലകളിൽ പണിയെടുപ്പിക്കുന്നപക്ഷം അത്തരത്തിൽ പണിയെടുപ്പിക്കുന്ന തൊഴിലുടമകൾ 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ ആക്ട് പ്രകാരവും 1948-ലെ മിനിമം വേതന നിയമപ്രകാരം 1960-ലെ കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും രജിസ്ട്രേഷൻ എടുക്കേണ്ടതും തൊഴിലാളിയെ സംബന്ധിച്ച രജിസ്റ്റർ, ബന്ധപ്പെട്ട റെക്കോർഡുകൾ സൂക്ഷിക്കേണ്ടതും നിയമങ്ങളിൽ പ്രതിപാദിക്കുന്ന ആരോഗ്യം, സുരക്ഷ, ക്ഷേമം തുടങ്ങിയവ ഉറപ്പുവരുത്തേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE & SC) നിയമപ്രകാരവും 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമ പ്രകാരവും നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലിടങ്ങളിലും താമസ സ്ഥലങ്ങളിലും പരിശോധന നടത്തി നിയമ ലംഘനങ്ങൾ നടത്തുന്ന തൊഴിലുടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, നിരോധന ഉത്തരവ് തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

ചാത്തന്നൂരിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമി

298 (987) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമി വാങ്ങി നിർമ്മാണോദ്ഘാടനം നടത്തിയ ചാത്തന്നൂരിലെ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമി ആരംഭിക്കുവാൻ നടപടി സ്വീകരിക്കാതിരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുവാൻ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനം ആരംഭിക്കുവാനുള്ള നടപടിയിൽനിന്നും പിൻമാറിയോ ; ഇല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന ആശയത്തേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ദ്ധ പരിശീലനവും നൽകുന്നതിനുവിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യകേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ

299 (988) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് വെബ് സൈറ്റ് മുഖേന പ്രസിദ്ധീകരിക്കുന്നതാണെന്ന പ്രഖ്യാപനം നടപ്പിലായോ ;

LIBRARY ARCHIVES Kerala Legislative Assembly